**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4396** **18-03-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ ബി.പി.എൽ. വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലയിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലയിലെ ബി.പി.എൽ കുടുംബങ്ങൾക്ക് നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം നിയോജക മണ്ഡല അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.<br>ആലപ്പുഴ - 344<br>അമ്പലപ്പുഴ - 270<br>കുട്ടനാട് - 113<br>അരൂർ - 220<br>ചേർത്തല -. 240<br>മാവേലിക്കര - 342<br>ഹരിപ്പാട് - 182<br>കായംകുളം.- 174<br>ചെങ്ങന്നൂർ - 17 |
| (ബി) | ഇതിനായി എത്ര തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഇതിനായി സർക്കാർ തുക അനുവദിച്ചിട്ടില്ല. കെ.എസ്.ഇ.ബി.എൽ.–ന്റെ തനതു ഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നത് |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും, കെ.എസ്. ഇ.ബി.എൽ. സൗജന്യമായി തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അനെർട്ട് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>കെ. എസ്. ഇ. ബി. എൽ വഴി ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതായ കേരളത്തിലെ വിദൂര ആദിവാസി നഗറുകളിൽ വൈദ്യുതി എത്തിക്കുന്നതിന് PM JANMAN (പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ), ധർതി ആബ ജനജതീയ ഗ്രാം ഉത്കർഷ് അഭിയാൻ (DA-JGUA) എന്നീ പദ്ധതികൾ മുഖേന നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.<br><br>ഇടുക്കി, വയനാട്, എറണാകുളം, പാലക്കാട് ജില്ലകളിലെ 24 വിദൂര ആദിവാസി ഊരുകളെ ധർതി ആബ ജൻജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ (DA-JGUA) എന്ന പദ്ധതി പ്രകാരവും പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർ കുട്ടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ 4 ആദിവാസി ഊരുകൾ പ്രധാനമന്ത്രി ജൻമൻ (PM JANMAN) പദ്ധതി പ്രകാരവും വൈദ്യുതീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ